പുറത്തെഴുത്ത് കത്ത് നമ്പർ
c3/11242/2021

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
കൊല്ലം :06/08/2021

കത്തിന്റെ പകർപ്പ് താങ്കളുടെ അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായിഅയക്കുന്നു. എല്ലാ പ്രധാമാധ്യപകർക്കും ആവശ്യമായഅറിയിപ്പ് നൽകേണ്ടതുമാണ്.

വിദ്യാഭ്യാസ ഉപഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1) എല്ലാ ജില്ല വിദ്യാഭ്യാസ ആഫീസർമാരും
2) എല്ലാ ഉപജില്ല വിദ്യാഭ്യാസ ആഫീസർമാരും

നമ്പർ.പി.എൽ(3)/261751/2021/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 02/08/2021

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - ഇൻസ്പെയർ അവാർഡ് - മനാക് - 2021-22- ഓൺലൈൻ എൻട്രി നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- നാഷണൽ ഇന്നവേഷൻ കോഡിനേറ്ററുടെ 16/07/2021 തീയതിയിലെ 132972 നമ്പർ കത്ത്.

………...

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2021-22 അക്കാദമിക് വർഷത്തെ ഇൻസ്പെയർ അവാർഡ് മനാക് നുള്ള ഓൺലൈൻ എൻട്രി EMIAS(https://www.inspire awards-dst.gov.in/Default.aspx) എന്ന വെബ് പോർട്ടലിൽ 15/10/2021 വരെ നടത്തുന്നതിന് താങ്കളുടെ അധികാര പരിധിയിലുള്ള സ്കൂളുകളിലെ പ്രഥമാധ്യാപകരെ ചുമതലപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും സ്കൂളുകൾ ഇനിയും ഈ വെബ്പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ഉടൻ തന്നെ രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഒരു സ്കൂളിലെ 6 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഏറ്റവും മികച്ച 5 യഥാർത്ഥവും സർഗ്ഗാത്മകവുമായ ആശയങ്ങൾ/ഇന്നവേഷനുകളാണ് പ്രസ്തുത വെബ്പോർട്ടലിൽ ഓൺലൈൻ എൻട്രി നടത്തേണ്ടത്. 2021 ഒക്ടോബർ 15 നകം അർഹരായ വിദ്യാർത്ഥികളുടെ നോമിനേഷൻ സംക്ഷിപ്ത രൂപത്തിലുള്ള ആശയ സഹിതം EMIAS വെബ് പോർട്ടലിൽ പ്രഥമാധ്യാപകർ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ വെബ്പോർട്ടലിന്റെ സ്റ്റാറ്റസ് എല്ലാ ദിവസവും പരിശോധിച്ച് വിലയിരുത്തേണ്ടതും സംസ്ഥാനതലത്തിലേക്കു സമർപ്പിക്കേണ്ട പ്രൊപ്പോസലുകൾ അതാതു ദിവസം തന്നെ സമർപ്പിക്കേണ്ടതുമാണ്.

ഇൻസ്പെയർ അവാർഡ് - മനാക്- പ്രൊജക്ട് എൻട്രി സംബന്ധിച്ച വിവരങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെയും അറിയിക്കേണ്ടതും സ്കൂൾ തലത്തിൽ എൻട്രി നടത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുവാൻ നിർദേശിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

**ദീപ മാർട്ടിൻ**
**പെൻ നം.588218**
**ചീഫ് പ്ലാനിംഗ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.**